(ബി) ഈ റൂട്ടിൽ ഓടുന്ന ഏക ബസ് സർവ്വീസ് വെട്ടിക്കുറച്ചതുമൂലം തദ്ദേശ വാസികളായ ഗ്രാമീണർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർവ്വീസ് പുനഃരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റൂട്ടിൽ ഒരു മിനി ബസ് അനുവദിച്ച് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വരുമാനത്തിൽ കുറവ് വന്നതിനെത്തുടർന്ന് പ്രസ്തുത സർവ്വീസ് താൽക്കാലികമായി നിർത്തിവെച്ചിരുന്നുവെങ്കിലും ടി പ്രദേശത്തെ യാത്രക്കാരുടേയും പൊതുജനങ്ങളുടേയും അഭ്യർത്ഥന മാനിച്ചു ടി സർവ്വീസ് പുനഃക്രമീകരിച്ചു 16-3-2004 മുതൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) ലഭ്യതയനുസരിച്ചു പരിശോധിക്കുന്നതാണ്.

പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ നവീകരണം

116 [570] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ ശ്രീ. രമേശ് ചെന്നിത്തല എക്സ് എം. പി.-യുടെ പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ ഓഫീസ് സംവിധാനങ്ങൾ നിലവിൽ വരികയും ജില്ലാ പഞ്ചായത്ത് സാനിറ്റേഷന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്ത് ശബരിമല തീർത്ഥാടനത്തിന്റെ കേന്ദ്ര ബിന്ദു എന്ന നിലയിൽ പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ എ.ടി.ഒ. ആയി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ വിപുലീകരണത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നതെന്നു വിശദമാക്കാമോ;

(സി) പന്തളം കെ.എസ്.ആർ.ടി.സി.-യ്ക്ക് കൂടുതൽ ബസ് സർവ്വീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ബി) വിപുലീകരണ പദ്ധതികൾ ഉടൻ ഉദ്ദേശിക്കുന്നില്ല.

(സി) ആവശ്യമാണെന്ന് കണ്ടാൽ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly